## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3199** **26-06-2024 - ൽ മറുപടിയ്ക്ക്**

**ചവറ നിയോജക മണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭിച്ച് മാസങ്ങളായിട്ടും ടെൻഡർ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാലം നിർമ്മാണപ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | ചവറ നിയോജക മണ്ഡലത്തിലെ തെക്കുംഭാഗം കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിനായി 07/06/2023-ലെ സ.ഉ(സാധാ) നം.743/2023/ പൊ.മ.വ ഉത്തരവ് പ്രകാരം 14.33 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഇരുകരകളിലേയും ഭൂമി ഫ്രീ സറണ്ടറായി ലഭിക്കുമെന്ന ഉറപ്പിന്മേൽ ആണ് പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ തെക്കുംഭാഗം കാടൻ മൂല ഭാഗത്ത് - പാലത്തിന്റെ അലൈൻമെന്റിൽ വരുന്ന രണ്ട് വ്യക്തികളുടെ ഭൂമിയിൽ ഒരു വ്യക്തി മാത്രമേ ഭൂമി ഫ്രീ സറണ്ടറായി നൽകാൻ സമ്മതിച്ചിട്ടുള്ളൂ. ശ്രീ.രാജശേഖരൻ എന്ന വ്യക്തിയുടെ ഭൂമി LA നടപടികളിലൂടെ മാത്രമേ വിട്ടുനൽകാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. അതിൻ പ്രകാരം LR തഹസിൽദാരുടെ ഓഫീസിന് കൊച്ചുതുരുത്തിലേയും തെക്കുംഭാഗത്തേയും അലൈൻമെന്റിൽ ഉൾപ്പെട്ടു വരുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തെക്കുംഭാഗം ഭാഗത്ത് 19/01/2024 തീയിതിയിലും കൊച്ചുതുരുത്ത് ഭാഗത്ത് 28/02/2024 തീയിതിയിലും സർവ്വേ നടപടികൾ പൂർത്തീകരിച്ചു. ശ്രീ.രാജശേഖരൻ എന്ന വ്യക്തിയുടെ വസ്തുവിൽ സർക്കാർ പുറമ്പോക്ക് ഉണ്ടെന്ന് പഞ്ചായത്ത് അധികൃതർക്ക് സംശയം ഉണ്ടായതിനാൽ പഞ്ചായത്ത് മുഖേന തന്നെ തഹസിൽദാരുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. എന്നാൽ നാളിതുവരെ കരുനാഗപ്പള്ളി LR തഹസിൽദാരുടെ ഓഫീസിൽ നിന്നും സർവ്വേ നടപടിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ